**<u>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) - പ്രസിദ്ധീകരണത്തിന്</u>**

30-06-2025

## ആരോഗ്യകിരണം പദ്ധതി നിർത്തലാക്കി എന്നത് വ്യാജ പ്രചാരണം: സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

### ആരോഗ്യകിരണം പദ്ധതിയിൽ എല്ലാ സേവനങ്ങളും തികച്ചും സൗജന്യം

ഒരു വയസ്സു മുതൽ പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ആരോഗ്യകിരണം പദ്ധതി സംസ്ഥാന വ്യാപകമായി നിർത്തലാക്കി എന്നത് വ്യാജ പ്രചാരണം മാത്രമെന്ന് പദ്ധതി നടപ്പിലാക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസി. ഇതോടൊപ്പം പദ്ധതി നടത്തിപ്പിനായി ഗുണഭോക്താക്കളിൽ നിന്നും യാതൊരു തരത്തിലുള്ള തുകയും ആശുപത്രി ഈടാക്കുന്നില്ല എന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചു.

പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP)) ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും.

എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് ഗുണഭോകതാക്കൾക്ക് സേവനം സൗജന്യമായി ലഭ്യമാകുക.. തദ്ദേശീയരായ, ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ, അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളാണ് പദ്ധതിയിലെ ഗുണഭോക്താക്കൾ. പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാകും. ഇതോടൊപ്പം സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ ഉയർന്ന ചികിത്സാ ചെലവ് നേരിടുന്ന കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സേവനങ്ങളും പദ്ധതി വഴി ലഭ്യമാക്കി വരുന്നു. 2022 നവംബർ 1 മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് ആരോഗ്യകിരണം പദ്ധതി നടപ്പാക്കുന്നത്.

പദ്ധതിയുടെ മാനദണ്ഡങ്ങൾ :

- ഒരു വയസ്സു മുതൽ പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ

- മാതാപിതാക്കൾ കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാരോ, ആദായ നികുതിദായകരോ ആകാൻ പാടില്ല.
- ഒരു വയസ്സുവരെ കുട്ടികളുടെ ചികിത്സ JSSK സ്കീമിൽ ഉൾപ്പെടുന്നതാണ്.